# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ശ്രീമതി കെ.ബി. വത്സലകുമാരി)

വിഷയം:- കുടുംബശ്രീയും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (സിഡിസി)റും സംയുക്തമായി നടത്തുന്ന പരിശീലന പരിപാടി - സംബന്ധിച്ച്

സൂചന:- 1. 05.09.2014 ലെ കെ എസ് എൽ 2174/2014 സർക്കുലർ
2.07/11/2014 ന് സംസ്ഥാന മിഷനിൽ വെച്ച് നടന്ന യോഗത്തിന്റെ മിനുട്സ്

**<u>ഉത്തരവ് നമ്പർ കെ.എസ്./ എൽ/ 2174/2014 തീയതി 13/11/2014</u>**

കുടുംബശ്രീയും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (സിഡിസി)യുമായി സൂചന പ്രകാരം 'Premarital Counselling training for Kudumbashree workers of Kerala' എന്ന വിഷയത്തിൽ ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. ആയതിൻപ്രകാരം കുടുംബശ്രീയും സിഡിസിയും സംയുക്തമായി ജില്ലകളിലെ സിഡിഎസുകൾക്ക് ആനുപാതികമായി കൗൺസലിംഗ് എഡ്യൂക്കേറ്റേഴ്സിനെ ജെൻഡർ സപ്പോർട്ടിംഗ് ടീമിൽ നിന്നും ജില്ലാതലത്തിൽ തെരഞ്ഞെടുത്തു പരിശീലനം നൽകേണ്ടതുണ്ട്. പദ്ധതി വിശദീകരണത്തിനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 07/11/2014 ൽ സംസ്ഥാനമിഷനിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ജില്ലാ മിഷനുകളിൽ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

- ജില്ലയിലെ സി ഡി എസ്സുകൾക്ക് ആനുപാതികമായി (മൂന്ന് സി ഡി എസ്സുകൾക്ക് ഒരു റിസോഴ്സ് പേഴ്സൺ) റിസോഴ്സ്പേഴ്സൺമാരെ തിരഞ്ഞെടുത്ത് ലിസ്റ്റ് നവംബർ 20 ന് മുൻപ് സംസ്ഥാന മിഷനിൽ നൽകേണ്ടതാണ്.
- നവംബർ 7/2014 ന് സംസ്ഥാന മിഷനിൽ വെച്ച് നടന്ന മീറ്റിംഗിൽ ചില ജില്ലകളിൽ നേരത്തെ നിശ്ചയിച്ച് അറിയിച്ച വിദ്യാഭ്യാസ യോഗ്യതയും അനുഭവ പരിചയവുമുള്ള റിസോഴ്സ് പേഴ്സൺമാരെ സി ഡി എസ്സുകൾക്ക് ആനുപാതികമായി കണ്ടെത്താനായിട്ടില്ല എന്ന് അറിയിച്ചു.ഈ ജില്ലകളിൽ കുടുംബശ്രീ ശൃംഖലയിലെ ബിരുദ യോഗ്യതയുള്ള ജെൻഡർ ആർ പി മാരെയോ അല്ലെങ്കിൽ 5 വർഷമോ അതിൽ കൂടുതലോ പ്രവർത്തി പരിചയവും കൗൺസിലിംഗും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും

നടത്താൻ പ്രാപ്തിയുള്ള ജെൻഡർ റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുക്കാവുന്നതാണ്.

- തിരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ പട്ടിക ജില്ല മിഷൻ സംഘടിപ്പിക്കുന്ന ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനിലൂടെ തയ്യാറാക്കാവുന്നതാണ്. പ്രസ്തുത തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ഒരു കേസ് സ്റ്റഡിയും അതിന്റെ വിശകലനം അടങ്ങുന്ന റിപ്പോർട്ടും സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതാണ് ഇതും തിരഞ്ഞെടുപ്പിനുള്ള ഒരു മാനദണ്ഡമാണ്. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന കേസ് സ്റ്റഡികളിൽ നിന്ന് കുറഞ്ഞത് പത്തെണ്ണമെങ്കിലും അന്തിമ പട്ടികയോടൊപ്പം സംസ്ഥാന മിഷനിൽ നവംബർ 20 നകം സമർപ്പിക്കണം.

- ഡിഎംസിമാർ സമർപ്പിക്കുന്ന ലിസ്റ്റ് സംസ്ഥാന മിഷൻ പരിശോധിച്ച് അന്തിമ പട്ടിക ലഭ്യമാക്കുന്നതും ഇത്തരത്തിൽ തെരഞ്ഞെടുക്കുന്നവർക്ക് നവംബർ 24/2014 ന് മുഴുവൻ ജില്ലകളിലും ഏകദിന ശില്പശാല സംഘടിപ്പിക്കേണ്ടതാണ്. ഈ ശില്പശാലയിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ഫാക്കൽറ്റികളെ ജില്ലാ തലത്തിൽ നിന്ന് തന്നെ കണ്ടെത്തേണ്ടതാണ്.
- സംസ്ഥാന തല ശില്പശാല നവംബർ അവസാന വാരമോ ഡിസംബർ ആദ്യവാരമോ ബഹു: പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ സമയ ലഭ്യത പരിഗണിച്ച് നടത്തുന്നതാണ്.
- 4 ദിവസത്തെ ജില്ലാതല റസിഡൻഷ്യൽ പരിശീലനം ഡിസംബർ 10 ന് മുൻപ് മുഴുവൻ ജില്ലകളിലും പൂർത്തിയാക്കേണ്ടതാണ്..
- നാല് ദിവസത്തെ പരിശീലനത്തിന് ശേഷം തെരഞ്ഞെടുക്കപ്പെട്ട കൗൺസലിംഗ് എഡ്യൂക്കേറ്റേഴ്സിന് ഒരാൾക്ക് 3 പഞ്ചായത്തിന്റെ ചുമതലകൾ നൽകി കൗൺസിലിംഗിനുള്ള പ്രായോഗിക പരിശീലനം നടത്താവുന്നതാണ്. ജില്ലാ - പഞ്ചായത്ത് തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച് കൗൺസിലിംഗ് പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- തെരഞ്ഞെടുക്കപ്പെട്ട കൗൺസലിംഗ് എഡ്യൂക്കേറ്റേഴ്സിന് പരിശീലനത്തിന് ശേഷം നടക്കുന്ന പഞ്ചായത്ത് തല കൗൺസിലിംഗിന് കുടുംബശ്രീ ആർ.പി.മാർക്ക് നൽകുന്ന അതേ ഓണറേറിയമായിരിക്കും നൽകുന്നത്.
- ഈ പരിപാടികളുടെ പൂർണ്ണമായ നടത്തിപ്പിനും സംഘാടനത്തിനുമായി ജെൻഡർ കോർ ടീമിലെ ഒരംഗത്തിന് പൂർണ്ണ ചുമതല നൽകാവുന്നതാണ്.

സാമ്പത്തിക വിനിയോഗം

- പരിശീലനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക ജില്ലാ മിഷനുകൾക്ക് അനുവദിച്ച് നൽകുന്നതാണ്. പ്രസ്തുത ചിലവുകൾ പ്രീ മാരിറ്റൽ കൗൺസിലിംഗ് എന്ന ഹെഡ്ഡിൽ തന്നെ വകയിരുത്തേണ്ടതാണ്.
- ഏകദിന ശില്പശാല , 4 ദിവസത്തെ റെസിഡെൻഷ്യൽ പരിശീലനം, ജില്ലാ, പഞ്ചായത്ത് തല കൗൺസിലിംഗ് സെഷനുകൾ, കൗൺസലിംഗ് എഡ്യൂക്കേറ്റേഴ്സിനുള്ള ടി എ, ഹോണറേറിയം, പരീശീലന സാമഗ്രികൾ, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി ഓരോ ജില്ലയ്ക്കും താഴെ പറയും പ്രകാരം തുക അനുവദിച്ച് നൽകുന്നതിന് അക്കൗണ്ട്സ് സെക്ഷന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക Premarital Counseling Training നായി ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ കുടുംബശ്രീക്ക് അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും വകയിരുത്തേണ്ടതാണ്.

| ക്രമ.നം | ജില്ല | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 275000 |
| 2 | കൊല്ലം | 275000 |
| 3 | പത്തനംതിട്ട | 250000 |
| 4 | കോട്ടയം | 275000 |
| 5 | ആലപ്പുഴ | 275000 |
| 6 | ഇടുക്കി | 250000 |
| 7 | എറണാകുളം | 300000 |
| 8 | തൃശ്ശൂർ | 300000 |
| 9 | പാലക്കാട് | 300000 |
| 10 | മലപ്പുറം | 300000 |
| 11 | കോഴിക്കോട് | 275000 |
| 12 | വയനാട് | 225000 |
| 13 | കണ്ണൂർ | 275000 |
| 14 | കാസറഗോഡ് | 225000 |
| ആകെ | | 3800000 |

➢ മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളെല്ലാം തന്നെ ജില്ലകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

➢ ഓരോ ജില്ലക്കും അനുവദിച്ച തുക യഥാസമയം ചിലവഴിച്ച് ധന വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. അക്കൗണ്ട്സ് സെക്ഷൻ
   (തുക അനുവദിക്കുന്നതിന്)
2. എല്ലാ ജില്ലാമിഷൻ കോർഡിനേറ്റർമാർക്കും

കരുതൽ / അധികം

അംഗീകാരത്തോടെ

പ്രോഗ്രാം ഓഫീസർ(എസ്.ഡി)